**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2222** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ സ്ട്രോക്ക് യൂണിറ്റിന് ആവശ്യമായ ജീവനക്കാർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സ്ട്രോക്ക് യൂണിറ്റ് ആരംഭിക്കുന്നതിന്റെ മുന്നോടിയായി ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** എൻ.എച്ച്.എം മുഖാന്തിരം അനുവദിച്ച 8.52 ലക്ഷം രൂപയുള്ള (NHM ROP Fund) ഉപകരണങ്ങൾ KMSCL മുഖേന വിതരണം ചെയ്ത് പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സ്ട്രോക്ക് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ട് 5 ലക്ഷം രൂപയും എൻ.എച്ച്.എം ഫണ്ടായ 2 ലക്ഷം രൂപയും വിനിയോഗിച്ചുകൊണ്ട് വാർഡിന്റെ നവീകരണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് കഴിഞ്ഞ ഏപ്രിൽ 2025 മുതൽ ഡിസംബർ 2025 വരെ 150 രോഗികൾക്ക് സ്ട്രോക്ക് യൂണിറ്റ് വഴി ചികിത്സ നൽകിയിട്ടുണ്ട്. ആശുപത്രിയിലെ സൂപ്രണ്ട് ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

**(ബി)** സ്ട്രോക്ക് യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി ഡോക്ടർമാരുടെയും ജീവനക്കാരുടെയും നിയമന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**